**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **04-07-2022 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരത്തെ ശംഖുമുഖം റോഡ് പണി പൂർത്തിയാക്കി മൂന്ന് മാസം ആയപ്പോൾ തന്നെ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ശംഖുമുഖം റോഡ് പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടില്ല . തിരുവനന്തപുരം നഗര പാതാ വികസന പദ്ധതിയിൽ ഉൾപ്പെട്ട ശംഖുമുഖം റോഡ് കടൽക്ഷോഭം മൂലം കുറച്ച് ഭാഗം തകർന്നതിനാൽ ഈ ഭാഗത്തെ കടൽ ഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി Diaphram wall നിർമ്മാണ പ്രവൃത്തിയുടെ ബലപ്പെടുത്തുന്ന പ്രക്രിയ നടക്കുകയായിരുന്നു. ഈ പ്രവൃത്തിയിലെ anchoring പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ അടിയന്തിര സാഹചര്യം കണക്കാക്കി പദ്ധതി കൺസഷണർ റോഡ് പുനർനിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് താല്കാലികമായി ഗതാഗത യോഗ്യമാക്കി 15.03.2022 – ൽ വാഹന ഗതാഗതത്തിനായി തുറന്ന് കൊടുക്കുകയുണ്ടായി. ഇതിന്റെ തുടർന്നുള്ള Diaphram wall ന്റെ anchoring പ്രവൃത്തികൾ നടക്കുമ്പോൾ റോഡ് പ്രതലത്തിനു സംഭവിക്കാവുന്ന കേടുപാടുകൾ പൂർണ്ണമായി പരിഹരിച്ച് പ്രതലം പൂർണ്ണമായും ഉറപ്പിച്ചതിനു ശേഷം മാത്രം ബി.സി. ഓവർലെ പ്രവൃത്തി പൂർത്തിയാക്കുവാനായിട്ടാണ് കൺസഷണർ കമ്പനി രൂപകല്പന ചെയ്തിരുന്നത്.Soil anchoring പ്രവൃത്തിയിൽ ശക്തമായ Horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടാനുള്ള സാധ്യതയും ഉണ്ട്. ഇതിനാലാണ് 2 സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടത്. രൂപപ്പെട്ട കുഴികൾ നിലവിൽ അടച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ പണി പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം കുഴികൾ രൂപപ്പെട്ടുകയും റോഡ് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തത് | (ബി) | തിരുവനന്തപുരം ശംഖുമുഖം റോഡ് പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടില്ല . തിരുവനന്തപുരം നഗര പാതാ വികസന പദ്ധതിയിൽ ഉൾപ്പെട്ട ശംഖുമുഖം റോഡ് കടൽക്ഷോഭം മൂലം കുറച്ച് ഭാഗം |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുഴികൾ രൂപപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ; | | തകർന്നതിനാൽ ഈ ഭാഗത്തെ കടൽ ഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി Diaphram wall നിർമ്മാണ പ്രവൃത്തിയുടെ ബലപ്പെടുത്തുന്ന പ്രക്രിയ നടക്കുകയായിരുന്നു. ഈ പ്രവൃത്തിയിലെ anchoring പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ അടിയന്തിര സാഹചര്യം കണക്കാക്കി പദ്ധതി കൺസഷണർ റോഡ് പുനർനിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് താല്ക്കാലികമായി ഗതാഗത യോഗ്യമാക്കി 15.03.2022 – ൽ വാഹന ഗതാഗതത്തിനായി തുറന്ന് കൊടുക്കുകയുണ്ടായി. ഇതിന്റെ തുടർന്നുള്ള Diaphram wall ന്റെ anchoring പ്രവൃത്തികൾ നടക്കുമ്പോൾ റോഡ് പ്രതലത്തിനു സംഭവിക്കാവുന്ന കേടുപാടുകൾ പൂർണ്ണമായി പരിഹരിച്ച് പ്രതലം പൂർണ്ണമായും ഉറപ്പിച്ചതിനു ശേഷം മാത്രം ബി.സി. ഓവർലെ പ്രവൃത്തി പൂർത്തിയാക്കുവാനായിട്ടാണ് കൺസഷണർ കമ്പനി രൂപകല്പന ചെയ്തിരുന്നത്.Soil anchoring പ്രവൃത്തിയിൽ ശക്തമായ Horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടാനുള്ള സാധ്യതയും ഉണ്ട്. ഇതിനാലാണ് 2 സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടത്. രൂപപ്പെട്ട കുഴികൾ നിലവിൽ അടച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയിൽ വ്യാപക ക്രമക്കേട് നടന്നു എന്ന പരാതി അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ശംഖുമുഖം റോഡ് പുനർനിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. ശംഖുമുഖം റോഡ് പുനർനിർമ്മാണ പ്രവൃത്തി 2004 – ലെ ആമ്പിറ്റി കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ച പ്രകാരമുള്ള വ്യവസ്ഥ പ്രകാരമാണ് പദ്ധതി കൺസഷണർ ആയ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് (റ്റി.ആർ.ഡി.സി.എൽ) മേൽനോട്ടം വഹിച്ച് നടപ്പിലാക്കി വരുന്നത്. പ്രവൃത്തികൾ പൂർണ്ണമായും ഗുണനിലവാരം ഉറപ്പാക്കി ആണ് കൺസഷണർ കമ്പനി നടത്തുന്നത്. ഈ ഭാഗത്ത് 22.02.2027 വരെ പരിപാലനവും നടത്തേണ്ടത് പ്രസ്തുത കമ്പനി തന്നെ ആണ്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽ അത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്തം കൺസഷണർ കമ്പനി ആയ റ്റി.ആർ.ഡി.സി.എൽ - നാണ്. |

സെക്ഷൻ ഓഫീസർ